LIBRARY ARCHIVES Kerala Legislative Assembly

മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും പ്രാദേശിക വികസന ഫണ്ടിൽനിന്നും പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിയോജകമണ്ഡല ആസ്തി വികസന പദ്ധതികളുടെ നിലവിലെ മാർഗ്ഗരേഖയായ 4-8-18-ലെ സ.ഉ.(അച്ചടി)നം.119/2018/ധന ഉത്തരവിലും എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി പദ്ധതികളുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-17-ലെ സ.ഉ(അച്ചടി) നമ്പർ 161/2017/ധന. ഉത്തരവിലും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുന്ന അക്രെഡിറ്റഡ് ഏജൻസികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് നിയമസഭാ സാമാജികർക്ക് സാധിക്കുമോ?

4-7-2019-ലെ സ.ഉ(അച്ചടി) നമ്പർ 77/2019/ധന പ്രകാരം അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ പരാമർശിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികളുടെ സമയപരിധി 5-8-21-ലെ സ.ഉ.(അച്ചടി)നം.111/2021/ധന പ്രകാരം 04-10-21 വരെ ദീർഘിപ്പിച്ച് നല്കിയിട്ടുണ്ട്. 28-4-21-ലെ സ.ഉ.(അച്ചടി) നമ്പർ 67/21/ധന പ്രകാരം അക്രെഡിറ്റഡ് ഏജൻസിയെ തീരുമാനിക്കുന്നത് പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിന് യോഗ്യരായ ഏജൻസികളിൽനിന്ന് സുതാര്യമായ ടെണ്ടർ നടപടികളിലൂടെയായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് നിയമസഭാ സാമാജികർക്ക് സാധിക്കില്ല.

മഴുവന്നൂർ എഫ്.എച്ച്.സി-യിലെ നെല്ലാട് സബ് സെന്ററിന് പുതിയ കെട്ടിടം

62 (443) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി (2020-21)-യിൽനിന്നും കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ എഫ്.എച്ച്.സി-യിലെ നെല്ലാട് സബ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പതിനെട്ട് ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടും കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

പ്രവൃത്തി ആരംഭിക്കുന്നതിന് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിക്കുന്നതിന് ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസിന്റെ അനുമതി ആവശ്യമാണെന്നും ആയത് ഇതുവരെ ലഭ്യമായിട്ടില്ലെന്നും നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റാതെ സബ്സെന്റർ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും അനുമതി ലഭ്യമാക്കുന്നതിനായി കത്ത് നല്കിയിട്ടുള്ളതായും നിർവ്വഹണ ഉദ്യോഗസ്ഥനായ വടവുകോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(സി) സബ് സെന്ററിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

അനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കേന്ദ്ര ധനവിനിയോഗ വകുപ്പ് അനുവദിച്ച സാമ്പത്തിക സഹായങ്ങൾ

63 (444) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷം ഒന്നാംപാദ മൂലധന ചെലവിന് കേന്ദ്രം നിശ്ചയിച്ച ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും ആയത് സംസ്ഥാനം കൈവരിച്ചുവോ എന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

കോവിഡ്-19 മഹാമാരിയുടെയും അതിനെ തുടർന്നുള്ള സാമ്പത്തിക ഞെരുക്കത്തിന്റെയും പശ്ചാത്തലത്തിൽ 15-ാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ വായ്പാ പരിധി GSDP-യുടെ 4 ശതമാനമായി ഉയർത്തുകയും അതിൽ 0.5% മൂലധന ചെലവിനത്തിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങൾക്കനുസൃതമായിട്ടാണ് അനുവദിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് മൂലധന ചെലവിനത്തിൽ കൈവരിക്കേണ്ട വാർഷിക ലക്ഷ്യമായി നിർണ്ണയിച്ചിരിക്കുന്നത് 11,419 കോടി രൂപയാണ്. ഇതിൽ ഒന്നാം പാദത്തിന്റെ (ഏപ്രിൽ-ജൂൺ) ലക്ഷ്യമായി 1,712.85 (15%) കോടി രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ഒന്നാം പാദത്തിന്റെ അവസാനത്തിൽ സംസ്ഥാനം 3,156.37 (30.27%) കോടി രൂപ മൂലധന ചെലവിനത്തിൽ കൈവരിച്ചിട്ടുണ്ട്.